## ബഹു. വനിത ശിശു വികസന ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 13.01.2020 ന് കൂടിയ ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ മീറ്റിംഗ് മിനിട്സ്

യോഗം രാവിലെ 10.30 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.

ബഹു. ഡയറക്ടർ അവലോകന യോഗം ചേരുന്നതിന്റെ സാഹചര്യം വിശദീകരിക്കുകയും തുടർന്ന് ചർച്ചകൾക്കും വിലയിരുത്തലുകൾക്കും ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**തീരുമാനങ്ങൾ**

1. ജില്ലാ വനിത ശിശു വികസന ഓഫീസുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, ലാപ്ടോപ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(നടപടി: IT Cell WCD)

2. ജില്ലാ വനിത ശിശു വികസന ഓഫീസുകളുടെ പ്രവർത്തനത്തിന് അനുയോജ്യമായ കെട്ടിടം ലഭ്യമായിട്ടില്ലെങ്കിൽ എത്രയും വേഗം കെട്ടിടം കണ്ടുപിടിച്ച് അതിലേക്ക് മാറണം. ഓഫീസ് സമുച്ചയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നതാവും ഉചിതം.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

3. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ വകുപ്പിലെ ഓഫീസർമാരായ പ്രോഗ്രാം ഓഫീസർ, വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, DCPO, സ്ഥാപന സൂപ്രണ്ട് എന്നിവരുടെ പ്രതിമാസ അവലോകനം നടത്തണം - എല്ലാ മാസവും 5-ാമത്തെ പ്രവർത്തിദിനം . വകുപ്പിന്റെ മുഴുവൻ വിഷയങ്ങളും പദ്ധതികളും ഉൾപ്പെടുത്തണം. ഉദ്യോഗസ്ഥർക്ക് ടാർഗറ്റ് ഫിക്സ് ചെയ്ത് നൽകുകയും ഫണ്ട് വിനിയോഗം മോണിറ്റർ ചെയ്യുകയും വേണം.

(നടപടി: എല്ലാ ജില്ലാ ഓഫീസർമാരും)

4. അതിജീവിക പദ്ധതി പ്രകാരം ധനസഹായത്തിനായി 2019 ഡിസംബർ 31 ന ശേഷം ലഭിച്ച അപേക്ഷകൾ പരിഗണിക്കേണ്ടതില്ല. വൈകി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ലിസ്റ്റ് അതാത് സിഡിപിഒമാർക്ക് കൈമാറേണ്ടതുമാണ്. ഒരു ജില്ലയിൽ പരമാവധി 15 അപേക്ഷകൾ വീതം ശിപാർശ ചെയ്താൽ മതിയാകും. 3 വർഷം മുൻപ് സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചവരുടെ അപേക്ഷ പരിഗണിക്കാവുന്നതാണ്.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

5. പുതിയ സർക്കാർ ഉത്തരവനുസരിച്ച് Broad band connection & Telephone connection എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

6. MSK പദ്ധതി പ്രകാരം DLCW നായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ District Task Force) കൂടേണ്ടതും DLCW യ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികകളിൽ കരാർ നിയമനം നടത്തുമ്പോൾ ടെസ്റ്റ് നടത്തി മൂന്നോ നാലോ പേരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ആണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം establishment charges ഇനത്തിൽ ഒരു ജില്ലയ്ക്ക് 1,00,000/- രൂപ അനുവദനീയമാണ്. ആയത് ഉപയോഗിച്ച് DLCW യ്ക്കായി computer, furniture തുടങ്ങിയവ വാങ്ങാനുള്ള അലോട്ട്മെന്റ് നൽകേണ്ടതാണ്.

(നടപടി: WEC സെക്ഷൻ)

7. 2020 ജനുവരി 24-ാം തീയതി നടത്തുന്ന ബാലികാദിനത്തോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിൽ BBBP ഫണ്ട് ഉപയോഗിച്ച് സംസ്ഥാനതല പരിപാടി സംഘടിപ്പിക്കേണ്ടതും മറ്റു ജില്ലകളിൽ ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിന് 20,000/- രൂപ വീതം അലോട്ട്മെന്റ് നൽകുന്നതുമാണ്. പരിപാടി സംഘടിപ്പിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കുലർ നൽകുന്നതാണ്.

(നടപടി: WEC സെക്ഷൻ)

8. ചില ജില്ലയിൽ CWC യുടെ Sitting hours ൽ സിഡിപിഒമാരെ ഉൾപ്പെടുത്തി മീറ്റിംഗുകൾ ട്രെയിനിംഗുകൾ വിളിച്ചു ചേർക്കുന്നതായി ജില്ലാ ഓഫീസർ പരാതിപ്പെട്ടു. ആയതും കൊല്ലം ജില്ലയിൽ പ്രത്യേക സംവിധാനം ഉണ്ടായിരിക്കെ ഓഫീസിനുള്ളിൽ തന്നെ CWC ഹിയറിംഗ് കൂടുന്നതും മിനിസ്റ്ററുടെ മീറ്റിംഗിൽ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

9. സ്ഥാപനങ്ങളിലേക്ക് ആവശ്യമായ Multi Task Care provider മാരുടെ പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ അത്യാവശ്യം ഉള്ള ജീവനക്കാരെ മാത്രം നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകേണ്ടതാണ്. വകുപ്പിൽ നിന്നും കോൺട്രാക്ട് നിയമനം നൽകുമ്പോൾ മഹിളാമന്ദിരത്തിൽ നിന്നുള്ള ആൾക്കാർക്കു മുൻഗണന നൽകേണ്ടതാണ്.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

10. സ്ഥാപനങ്ങൾ, ഹോമുകൾ, SPC കൾ, ഷെൽട്ടർ ഹോമുകൾ എന്നിവിടങ്ങളിൽ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ നേതൃത്വത്തിൽ joint visit നടത്തണം ജെ.ജെ.ഹോമുകളിൽ എല്ലാ മാസവും സന്ദർശനം നടത്തണം. ജില്ലാതലത്തിലുള്ള എല്ലാ പ്രോഗ്രാമുകൾക്കും നേതൃത്വം നൽകേണ്ടതാണ്. ജില്ലയിൽ നടക്കുന്ന പരിപാടികളെ കുറിച്ച് വകുപ്പിലെ സ്കീം നടത്തുവാൻ നിയോഗിച്ച ഉദ്യോഗസ്ഥർ ജില്ലാ വനിത ശിശു വികസന ഓഫീസറെ അറിയിക്കേണ്ടതും അവരുടെ നിർദ്ദേശപ്രകാരം പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ,
പ്രോഗ്രാം ഓഫീസർ, DCPO, WPO, CDPO))

11. നിർഭയയിലെ ജീവനക്കാരെ സസ്പെന്റ് ചെയ്തതിനുശേഷം തിരിച്ചെടുക്കുന്നതിന് വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്. കൂടാതെ നിർഭയ ഷെൽട്ടർ ഹോമുകളിൽ നിന്ന് കുട്ടികൾ ഓടിപോകുന്ന സ്ഥിതിവിശേഷം ഉണ്ടായാൽ/ മറ്റ് അനിഷ്ട സംഭവം ഉണ്ടായാൽ ഉടനെതന്നെ നിർഭയസെല്ലിനും, ജില്ലാ വനിത വികസന ഓഫീസർമാരെയും അറിയിക്കേണ്ടതാണ്. ഈ നിർദ്ദേശം ഷെൽട്ടർ ഹോം നടത്തുന്ന NGO കൾക്ക് നൽകേണ്ടതാണ്.

(നടപടി: നിർഭയ)

12. കണ്ണൂർ OSC യിൽ DLSA യിൽ നിന്നും ഇന്റർവ്യൂ നടത്തി ലീഗൽ കൗൺസിലേഴ്സിന്റെ നിയമനം നടത്തേണ്ടതാണ്.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ)

13. തിരുവനന്തപുരം ജില്ലയിലെ എന്റെ കൂട് സ്ഥാപനത്തിൽ നിലവിലുള്ള ജീവനക്കാരുടെ പെരുമാറ്റം ശരിയല്ലായെന്നുള്ള പരാതിയിന്മേൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ തിരുവനന്തപുരം ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തി.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർ, തിരുവനന്തപുരം)

14. ജില്ലാ വനിത ശിശു വികസന ഓഫീസർ ആയിരിക്കണം എല്ലാ ജില്ലകളിലെയും LC യിലെ Ex officio member

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

15. RTI Act പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ designate ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: ഡി സെക്ഷൻ)

16. സെലക്ഷൻ കമ്മിറ്റി, ജാഗ്രതാ സമിതി തുടങ്ങിയ കമ്മിറ്റികളിൽ ജില്ലാ വനിത ശിശു വികസന ഓഫീസറെ ഉൾപ്പെടുത്തിയിട്ടില്ല എങ്കിൽ പ്രസ്തുത കമ്മിറ്റികളിൽ ജില്ലാ വനിത ശിശു വികസന ഓഫീസറെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ആയതിലേക്ക് സർക്കാർ ഉത്തരവ് ആവശ്യമുള്ളപക്ഷം ആയതിനുള്ള നടപടി സ്വീകരിക്കണം.

(നടപടി: ഐസിഡിഎസ് സെക്ഷൻ)

17. സിഡിപിഒ ആയി വിരമിച്ച ശ്രീമതി നസീറ ബീവിയുടെ ഓഡിറ്റ് നടത്താൻ കൊല്ലം പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ടിന് നിർദ്ദേശം നൽകേണ്ടതാണ്.

(നടപടി: ഇ സെക്ഷൻ)

18. വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചിട്ടും ആയത് വിനിയോഗിക്കാത്ത ജില്ലകൾ ഈ സാമ്പത്തിക വർഷം തന്നെ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

19. DCPO മാർ Stake holders മായി ശരിയായ ബന്ധം ഉണ്ടാക്കിയെടുക്കേണ്ടതാണ്. കോൺട്രാക്ട് സ്റ്റാഫിനോടുള്ള പെരുമാറ്റം ശ്രദ്ധിക്കണം. DCPO മാരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കണം. DCPO ഓഫീസിലെ കോൺട്രാക്ട് സ്റ്റാഫുകളുടെ സെലക്ഷനുമായി ബന്ധപ്പെട്ട് കാര്യങ്ങളിൽ ജില്ലാ ഓഫീസറെ ഉൾപ്പെടുത്തണം.

(നടപടി: ICPS)

20. വകുപ്പുവഴി നടപ്പിലാക്കി വരുന്ന പദ്ധതികളിലെ നിബന്ധനകളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയതിനുള്ള പ്രൊപ്പോസൽ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അടിയന്തിരമായി നൽകേണ്ടതാണ്.

21. ജില്ലാ ഓഫീസുകളിലെ casual sweeper നിയമനം നിലവിലുള്ള GO അനുസരിച്ച് ചെയ്യേണ്ടതാണ്.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

22. GO അനുസരിച്ച് ജാഗ്രതാ സമിതി മീറ്റിംഗ് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്വാർട്ടർലി റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാരിൽ നിന്നും വാങ്ങി ഡയറക്ടർക്ക് നൽകേണ്ടതാണ്.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

23. Rehabilitation ന്റെ ഭാഗമായി തൃശ്ശൂർ ഒബ്സർവേഷൻ ഹോമിൽ embroidery work ന്റെ 10 യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

(നടപടി: ICPS)

24. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പെൻഡിംഗ് ഫയലുകളുടെ ലിസ്റ്റ് എടുത്ത് PWD/ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും സ്റ്റാറ്റസ് വാങ്ങി അറിയിക്കേണ്ടതാണ്.

(നടപടി: ജില്ലാ വനിത ശിശു വികസന ഓഫീസർമാർ)

25. ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ rules & responsibilities സർക്കുലറിൽ ഭേദഗതി വരുത്തേണ്ടതാണ്.

(നടപടി: എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ)

മീറ്റിംഗ് 4.30 ന് അവസാനിച്ചു.